**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6006** **09-07-2024 - ൽ മറുപടിയ്ക്ക്**

**കെ.പി.പി.എൽ. ജീവനക്കാരുടെ വിവിധ ആവശ്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | എച്ച്.എൻ.എൽ.-നെ കിൻഫ്ര വഴി ഏറ്റെടുത്ത് കെ.പി.പി.എൽ. എന്ന പേരിൽ പ്രവർത്തനം പുനരാരംഭിച്ചപ്പോൾ എത്ര തൊഴിലാളികളെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിരുന്നുവെന്നും ഇവർ ഓരോരുത്തരും എത്രകാലമായി ജോലിചെയ്യുന്നുവെന്നും അറിയിക്കാമോ; | (എ) | കേന്ദ്ര സർക്കാർ അടച്ചുപൂട്ടിയ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ, ബാധ്യതകൾ എല്ലാം തീർത്ത് കേരള സർക്കാർ ഏറ്റെടുത്തു പുനരുദ്ധരിച്ച് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ പ്രവർത്തനം ആരംഭിച്ചതിന്റെ ഭാഗമായി, സർക്കാർ ഉത്തരവുപ്രകാരം നിയമിച്ച എച്ച്.ആർ. കമ്മറ്റി നിഷ്കർഷിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ന്യൂസ്പ്രിന്റ് വ്യവസായത്തിൽ പ്രവർത്തന പരിചയമുള്ള 250 ജീവനക്കാരെ പുതിയ നിയമന നടപടികളിലൂടെ ഹ്രസ്വ കാലത്തേക്ക് കരാറടിസ്ഥാനത്തിൽ നിയമിക്കുകയുണ്ടായി. 2022 ജനുവരി 1 മുതൽ വിവിധ ഹ്രസ്വകാല കരാറുകളിലായി ഇവർ ജോലി ചെയ്തു വരുന്നു. |
| (ബി) | ഉല്പാദനം ആരംഭിച്ച് 6 മാസത്തിനകം പ്രസ്തുത തൊഴിലാളികൾക്ക് സ്ഥിരം നിയമനം നൽകാമെന്ന് വാഗ്ദാനം നൽകിയിരുന്നോ; | (ബി) | **ഇല്ല** |
| (സി) | എച്ച്.എൻ.എൽ.-ലിൽ നിന്നും കെ.പി.പി.എൽ.ലേയ്ക്ക് കരാർ നിയമനം ലഭിച്ച പ്രസ്തുത ജീവനക്കാരെ എന്ന് സ്ഥിരപ്പെടുത്താൻ കഴിയുമെന്ന് അറിയിക്കാമോ; | (സി) | കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിൻ്റെ സുസ്ഥിര പ്രവർത്തനത്തെ സംബന്ധിച്ചും മാനവവിഭവശേഷിയുടെ ഘടന സംബന്ധിച്ചും എച്ച്.ആർ. കമ്മറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. |
| (ഡി) | പ്രസ്തുത തൊഴിലാളികൾക്ക് ലഭിക്കേണ്ട പി.എഫ്., ഇ.എസ്.ഐ., ഗ്രാറ്റുവിറ്റി എന്നീ ആനുകൂല്യങ്ങൾ എന്നുമുതൽ നൽകുമെന്ന് അറിയിക്കാമോ? | (ഡി) | കെ.പി.പി.എൽ-ന് പി.എഫ്. കോഡ് അനുവദിക്കുന്ന വിഷയം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണുള്ളത്. ആയതിന്മേൽ തീരുമാനമാകുന്ന മുറയ്ക്ക് അർഹതയുള്ള തൊഴിലാളികൾക്ക് പി.എഫ്. ആനുകൂല്യങ്ങൾ നൽകുവാൻ കഴിയുന്നതാണ്. മറ്റ് നിയമപരമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച് എച്ച്.ആർ. കമ്മറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ